(ബി) നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ് ;

(സി) നിവേദനത്തിലെ ആവശ്യങ്ങളോടുള്ള നിലപാട് അറിയിക്കാമോ ?

ഉത്തരം

(എ-ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പരിശോധിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്

9 (7306) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) കേന്ദ്രസർക്കാരിൽനിന്നുള്ള 3-1-2014-ലെ എസ്.ഒ. 19(ഇ) നമ്പർ വിജ്ഞാപനപ്രകാരം ഏതെല്ലാം മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളത് ; അതുപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; ഈ വർഷങ്ങളിൽ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ കുടിശ്ശികയായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണ നിർവ്വഹണം, മോണിറ്ററിംഗ്, പരാതിപരിഹാരം, സോഷ്യൽ ഓഡിറ്റ് തുടങ്ങിയ എല്ലാ ഘടകങ്ങളും സുതാര്യവും അഴിമതിരഹിതവും കാര്യക്ഷമമവുമായി നിർവ്വഹിക്കാനാവശ്യമായ സംഘടനാ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാനതലങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ട ജില്ലകളിൽ (വയനാട്, പാലക്കാട്, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ്) വിലയിരുത്തൽ പഠനങ്ങൾ നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. മൂന്നാംഘട്ടത്തിൽ പദ്ധതി ആരംഭിച്ച 10 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തൽ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ ഏജൻസികളെ സർക്കർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ശിപാർശ ചെയ്യുന്നതിന് ശ്രീ. എം. മുരളി (എക്സ് എം.എൽ.എ.) അദ്ധ്യക്ഷനായ സമിതിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ 3-1-2014-ലെ എസ്.ഒ. 19(ഇ) നമ്പർ വിജ്ഞാപനപ്രകാരം തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1-ഉം 2-ഉം ഭേദഗതി വരുത്തുകയുണ്ടായി. ഇതുപ്രകാരം (നിയമത്തിലെ പട്ടിക 1 ഖണ്ഡിക 4 സി) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവർത്തികൾ സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള (നിയമത്തിലെ പട്ടിക 1 ഖണ്ഡിക 5 ലെ) വ്യക്തിഗത ആസ്തികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുശാസിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമീണ അടിസ്ഥാന സൗകര്യത്തിനുള്ള സമൂഹ ആസ്തികൾ എന്നിവ നാല് വിഭാഗം പ്രവൃത്തികളാണ് ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുള്ളത്. 2014 ജനുവരി മാസം പ്രാബല്യത്തിൽ വന്ന പരിഷ്കരിച്ച പട്ടിക ഒന്ന് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതിയ മേഖലകൾ ചുവടെ പറയുന്നവയാണ്:

1. ഇന്ദിരാ ആവാസ് യോജന, മറ്റ് കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികളിൽ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിനും പദ്ധതികളിലെ അവിദഗ്ദ്ധ തൊഴിൽഘടകം
2. കോഴിക്കൂട്, ആട്ടിൻകൂട്, പന്നികൂട്, കാലിത്തൊഴുത്ത് എന്നിവയുടെ നിർമ്മാണം
3. സ്വയം സഹായ സംഘങ്ങൾക്ക് കോമൺ വർക്ക് ഷെഡുകളുടെ നിർമ്മാണം
4. ഉൾറോഡുകളുടെയും തെരുവ് വീഥികളുടെയും നിർമ്മാണം
5. ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ നിർമ്മാണം
6. സൈക്ലോൺ ഷെൽട്ടറുകളുടെ നിർമ്മാണം, ഗ്രാമ-ബ്ലോക്ക് പഞ്ചയാത്തുതലങ്ങളിൽ ക്രിമിട്ടോറിയങ്ങളുടെ നിർമ്മാണം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കപ്പെട്ട ആസ്തികളുടെ സംരക്ഷണം.

(സി) 2012-13 സാമ്പത്തിക വർഷം 1419.255 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചു. 2013-14 സാമ്പത്തിക വർഷം 1739 കോടി രൂപ ചെലവഴിച്ചു. 2013-14 സാമ്പത്തിക വർഷങ്ങളിൽ അവിദഗ്ദ്ധ കൂലിയിനത്തിൽ കുടിശ്ശിക നൽകാനില്ല.

LIBRARY ARCHIVES Kerala Legislative Assembly